## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 3327     11.05. 2017 ൽ മറുപടിക്ക്

### കെ.എസ്.ഇ.ബി.യിൽനിന്നും ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്ന ജീവനക്കാരന്റെ മുടങ്ങിക്കിടക്കുന്ന പ്രമോഷനുകൾ

ചോദ്യം

ശ്രീ.പി.സി.ജോർജ്

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) പതിനാലാം കേരള നിയമസഭ യുടെ രണ്ടാം സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5568-ന് 02.11.2016-ൽ നൽകിയ മറുപടിയിൽ കെ.എസ്.ഇ.ബി.യിൽനിന്നും ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്ന തോമസ് ജോർജ്ജിന് ലഭിക്കേ-ണ്ടിയിരുന്ന പ്രമോഷനുകൾ, 23.04.2016-ൽ ലഭിച്ച കെ.എസ്. ഇ.ബി. വിജിലൻസ് റിപ്പോർട്ടിന്റെ കാലാവധി 6 മാസം കഴിഞ്ഞതിനാൽ ഒരിക്കൽ കൂടി കെ.എസ്.ഇ.ബി.ചീഫ് വിജിലൻസ് ഓഫീസറുടെ റിപ്പോർട്ട് വാങ്ങേണ്ടതുണ്ട് എന്നും ഇത് ലഭിച്ചാൽ ഉടനെ ഡി.പി.സി.കൾ കൂടി (ലോവർ&ഹയർ) പ്രമോഷനുകൾ നൽകുന്നതാണെ-ന്നും വെളിപ്പെടുത്തിയത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) 23.04.2016 ലും 01.11.2016 ലും കെ.എസ്.ഇ.ബി. ചീഫ് വിജിലൻസ് ഓഫീസറുടെ അനുകൂല വിജിലൻസ് ക്ലിയറൻസ് ലഭിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട് |
| (സി) 01.11.2016-ലെ ക്ലിയറൻസ് പ്രകാരം 20.12.2003-ൽ കൊടുക്കേണ്ട സീനിയർ സൂപ്രണ്ട് പ്രമോഷൻ ഉത്തരവ് 22.11.2016-ലും, 31.08.2008-ൽ കൊടുക്കേണ്ട അസിസ്റ്റന്റ് അക്കൗണ്ട്സ് | |

| | |
|---|---|
| ഓഫീസർ പ്രമോഷൻ ഉത്തരവ് 24.12.2016-ലും ഇറക്കിയിട്ടുള്ളതും, എന്നാൽ ഇതിന് ശേഷം 4 മാസം കഴിഞ്ഞിട്ടും 08/2014-ൽ ലഭിക്കേണ്ട അക്കൗണ്ട്സ് ഓഫീസർ പ്രമോഷൻ ഉത്തരവ് ഡി.പി.സി. കൂടി ഇറക്കാതിരിയ്ക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;<br>(ഡി) കെ.എസ്.ഇ.ബി.യിൽ ഉള്ള മറ്റ് ജൂനിയർ ഉദ്യോഗസ്ഥരുടെ അക്കൗണ്ട്സ് ഓഫീസർ പ്രൊമോഷന്റെ കൂടെ ഇദ്ദേഹത്തിന് 2014-ൽകൊടുക്കേണ്ട അക്കൗണ്ട്സ് ഓഫീസർ പ്രമോഷൻ ഉൾപ്പെടുത്തി കാലതാമസം ഒഴിവാക്കി പ്രത്യേകമായി ഡി.പി.സി.(ഹയർ) കൂടി സ്ഥാനക്കയറ്റം നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (സി) & (ഡി) ഡി.പി.സി അംഗീകരിച്ച സെലക്ട് ലിസ്റ്റ് പ്രകാരമാണ് പ്രൊമോഷനുകൾ നൽകുന്നത്. ഡി.പി.സി കൂടി, ശ്രീ. തോമസ് ജോർജ്ജ് ഉൾപ്പെടെ അർഹതയുള്ള ഓഫീസർമാരെ ഉൾപ്പെടുത്തി സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുവാനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) 17.05.2003-ൽ ഇറക്കിയ 01.01.2002 വരെയുള്ള സീനിയർ അസിസ്റ്റന്റുമാരുടെ ഗ്രേഡേഷൻ ലിസ്റ്റിൽ ജനനത്തീയതി 06.02.1962 എന്നതിനുപകരം തെറ്റായി 15.11.1953 എന്ന് രേഖപ്പെടുത്തിയതുകൊണ്ടാണ് പ്രമോഷനുകൾ കൊടുക്കാൻ കാലതാമസം വന്നതെന്നും 17.05.2003-ലെ സർക്കുലർ നമ്പർ.EB/ Gradation/2003-ലെ ലിസ്റ്റിൽ തെറ്റുകളോ വിട്ടുപോകലു-കളോ ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് പരിഹരിയ്ക്കാൻ ഒരു മാസത്തിനകം ബന്ധപ്പെട്ടവരെ അറിയിക്കുവാൻ നിർദ്ദേശം നൽകിയിരുന്നു എന്നും മേൽപ്പറഞ്ഞ മറുപടിയിൽ പറഞ്ഞിരുന്നതുപ്രകാരമുള്ള നിർദ്ദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ഇ) നിർദ്ദേശത്തിന്റെ പകർപ്പ് അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു |
| (എഫ്) 1999 മുതൽ കെ.എസ്.ഇ.ബി.യിൽ നിന്നും ഡെപ്യൂട്ടേഷനിൽ എം.എൽ.എ.യുടെ പി.എ. ആയി | (എഫ്) നിലവിൽ അതിനുള്ള സംവിധാനം കെ.എസ്.ഇ.ബി.എൽ -ൽ ഇല്ല. കാലാകാലങ്ങളിലെ ബോർഡുത്തരവുകളും, സർക്കുലറുകളും അനുസരിക്കാൻ ബോർഡുദ്യോഗസ്ഥന്മാർ ബാധ്യസ്ഥരാണ്. |

| | |
|---|---|
| ജോലി നോക്കുന്ന ടിയാനെ ഗ്രേഡേഷൻ ലിസ്റ്റ് ഇറക്കിയ വിവരം അറിയിക്കുവാൻ കെ.എസ്.ഇ.ബി.യ്ക്ക് കഴിയുമായിരുന്നില്ലേ; വിശദാംശം വെളിപ്പെടുത്തുമോ; | |
| (ജി)അർഹതപ്പെട്ട സ്ഥാനക്കയറ്റങ്ങൾ നൽകണമെന്നാവശ്യപ്പെട്ട് 13.11.2001-ലും 01.09.2011-ലും ടിയാൻ എം.എൽ.എയുടെ ശിപാർശക്കത്തോടെഅപേക്ഷകൾ കെ.എസ്.ഇ.ബി. അധികാരികൾക്ക് നൽകിയതിന്റെ കോപ്പികൾ പ്രൊമോഷൻ ഫയലിൽ ഉള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ; 12/2017-ൽ 36 വർഷം സേവനം പൂർത്തിയാകുന്ന ടിയാന് 08/2014-ൽ കൊടുക്കേണ്ട അക്കൗണ്ട്സ് ഓഫീസർ പ്രമോഷൻ എത്രയും പെട്ടെന്ന് കൊടുക്കുവാൻ ഡി.പി.സി.(ഹയർ) എന്നത്തേയ്ക്ക് കൂട്ടുമെന്നും പ്രമോഷൻ എന്നത്തേയ്ക്ക് നൽകാനാകുമെന്നും വിശദമാക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ജി) ഉണ്ട്, പകർപ്പ് അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു. ഡി.പി.സി (ഹയർ), കഴിയുന്നതും മെയ് മാസത്തിൽ തന്നെ കൂട്ടുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഡി.പി.സി അംഗീകരിക്കുന്ന സെലക്ട് ലിസ്റ്റിൽ നിന്നും അർഹതപ്പെട്ടവർക്ക് പ്രൊമോഷനുകൾ നൽകുവാൻ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# KERALA STATE ELECTRICITY BOARD

B/Gradation 1/2003. dt.17-05-2003

## CIRCULAR

*Sub : Estt - Gradation list of Sr. Asst. (Provisional) as on 1-1-2002.*

*Ref: This office proceedings No. EB. Gradation I-16/85 dt. 12-1-1987.*

In this office proceedings referred to above gradation list of ministerial staff (clerical) as on 14-1-1981 was published. Now a gradation list of ministerial staff (clerical) provisional as on 1-1-2002 is prepared and published for circulation among ministerial staff.

In the case of promotees ranking is done on the basis of the promotion date. In the case of direct recruitment (Special Recruitment for SC/ST) the ranking is done in accordance with the ranks assigned in the advice lists from PSC.

Promotions to the higher categories will be regulated based on the rank and seniority assigned in this list.

The list may be circulated among the concerned staff and objections if any received from them may be forwarded to this office with specific remarks within one month from the date of receipt of this reference. Omissions and errors in the gradation list may be brought to the notice of this office early enough for their rectification.

In case any of the persons included in the G/L has since left Board's service by resignation, or otherwise, details of such persons may also be intimated.

Receipt of this circular may be acknowledged.

Sd/-
CHIEF ENGINEER (HRM)

Copy to:

1. Secretary, KSEB
2. Chief Personnel Officer, KSEB
3. All Chief Engineers (Electrical, Civil, Transmission & Generation)
4. All Deputy Chief Engineers (Electrical, Civil, Transmission & Generation)
5. All Executive Engineers (Electrical & Civil, Transmission & Generation)
6. All Assistant Executive Engineers, Electrical Sub Divisions
7. All Assistant Engineers, Electrical Sections
8. All Sections (Office) for circulation
9. Stock File.

Section Officer

ഫോൺ (വീട്) : 04822-272114
മൊബൈൽ : 9447043027

E-mail : pcgeorge@niyamasabha...


നമ്പർ ......................................

തീയതി ......................................

To

**The Executive Engineer**
Civil Division, KSE Board
Moolamattom P.O, Moolamattom, Idukki Dist.

**Dear Executive Engineer,**

വിഷയം: എന്റെ പി.എ ആയി വളരെ നല്ലനിലയിൽ ജോലി നോക്കിവരുന്ന ശ്രീ.തോമസ് ജോർജ്ജിന് സമയാസമയങ്ങളിൽ നിയമാനുസരണം ലഭിക്കേണ്ട ഇൻക്രിമെന്റുകളും, പ്രമോഷനുകളും മറ്റും നൽകുന്നതിനെ സംബന്ധിച്ച്.

സൂചന: ശ്രീ. തോമസ് ജോർജ്ജിന്റെ 13-11-2001-ലെ അപേക്ഷ.

കഴിഞ്ഞ രണ്ടു വർഷക്കാലത്തിലധികമായി ശ്രീ.തോമസ് ജോർജ്ജ്, സീനിയർ അസിസ്റ്റന്റ്, കെ.എസ്.ഇ ബോർഡ്, മൂലമറ്റം, എന്നയാൾ അവിടുത്തെ ഓഫീസിൽ നിന്നും ഡെപ്യൂട്ടേഷനായി വളരെ നല്ലനിലയിൽ എന്റെ കൂടെ പി.എ ആയി ജോലി നോക്കിവരികയാണ്. ടിയാന്റെ സൂചന പ്രകാരമുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർക്കുള്ള അപേക്ഷ, അവിടുത്തെ ഓഫീസിൽ നിന്നുള്ള അനന്തര അനുകൂല നടപടികൾക്കായി എന്റെ കത്തിനോടൊപ്പം വയ്ക്കുന്നു. ഇക്കാര്യത്തിൽ നിയമാനുസരണം നടപടികൾ സ്വീകരിക്കണമെന്ന് താൽപര്യപ്പെടുന്നു.

Yours sincerely,

**P. C. George**

തിരുവനന്തപുരം
13-11-2001

Copy forwarded to :

1) **The Deputy Chief Engineer,** Civil Circle, Pallam, KSE Board, Pallam P.O, Kottayam, for favour of information and necessary action.

From

Thomas George
Personal Assistant to Shri P. C. George MLA
(Senior Assistant - Deputation from KSE Board, Civil Divison, Moolamattom)
MLA Hostel, Palayam P.O, Trivandrum

To

**The Executive Engineer**
Civil Division, KSE Board
Moolamattom P.O,
Moolamattom, Idukki Dist.

**Sir,**

വിഷയം: KSE Board ൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ശ്രീ.പി. സി. ജോർജ്ജ് എം.എൽ.എയുടെ പി.എ ആയി ജോലി ചെയ്തുവരുന്ന എനിക്ക് സമയാസമയങ്ങളിലുള്ള ഇൻക്രിമെന്റ്സും, സ്ഥാനക്കയറ്റവും മറ്റും യഥാസമയങ്ങളിൽ നൽകുന്നതിനും ആയത് അറിയിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനെ സംബന്ധിച്ച്.

സൂചന: KSE Board B.O No. 1387/99 (Estt. IV/2681/99) dt. 23-06-1999.

ഞാൻ അവിടുത്തെ ഓഫീസിൽ നിന്നും സൂചന പ്രകാരമുള്ള ബോർഡിന്റെ ഉത്തരവ് പ്രകാരം 01-07-1999 മുതൽ ശ്രീ. പി. സി.ജോർജ്ജ് എം.എൽ.എ അവർകളുടെ പി.എ ആയി ജോലി നോക്കി വരികയാണ്. എനിക്ക് അടുത്തമാസം 12/2001-ൽ ഇൻക്രിമെന്റ് ഉള്ളതാകുന്നു.

ആയതിനാൽ ഞാൻ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ശ്രീ. പി. സി. ജോർജ്ജ് എം.എൽ.എയുടെ പി.എ ആയി ജോലി ചെയ്തുവരുന്നതിനാലും, എന്റെ സർവ്വീസ് ബുക്കും മറ്റും അവിടുത്തെ ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നതിനാലും സമയാസമയങ്ങളിൽ ലഭിക്കേണ്ട ഇൻക്രിമെന്റുകളും, പ്രമോഷനുകളും മറ്റും അവിടുന്നു നൽകുകയും ആയതിനെപ്പറ്റി നിയമസഭാ ഓഫീസിലേക്കും, എന്നെയും അറിയിക്കുന്നതിനും ആവശ്യമായ അനുകൂല നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ,

[signature] 13/11/01

**തോമസ് ജോർജ്ജ്**

തിരുവനന്തപുരം
13-11-2001

**(ശ്രീ. പി. സി.ജോർജ്ജ് എം.എൽ.എയുടെ പി.എ)**

Copy submitted to :

1) **The Deputy Chief Engineer,** Civil Circle, Pallam, KSE Board, Pallam P.O, Kottayam, for favour of kind information and necessary action.

[signature]
Section Officer